# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1499 — 03.12.2018-ൽ മറുപടിക്ക്

## മീൻ പിടുത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മീൻ പിടുത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് കഴിഞ്ഞ ആറുമാസത്തിനിടയിൽ രണ്ടു തവണ വർദ്ധിപ്പിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | 20 മുതൽ 25 മീറ്റർ വരെ നീളമുള്ള ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 10,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായോ; | (ബി) & (സി) | ഉണ്ട് |
| (സി) | 25 മീറ്ററിൽ കൂടുതൽ നീളമുള്ള ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 20,000 രൂപയിൽ നിന്ന് 50,000 രൂപയായും ഉയർത്തുകയുണ്ടായോ; | | |
| (ഡി) | ഡീസൽ വില വർദ്ധനവ് മൂലം പ്രതിസന്ധിയിലായ മത്സ്യബന്ധന മേഖലയ്ക്ക് ഫീസ് വർദ്ധന ഉണ്ടാക്കിയ പ്രയാസങ്ങൾ പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ ആശ്വാസ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ? | (ഡി) | രജിസ്ട്രേഷൻ ഫീസ് യാനം രജിസ്റ്റർ ചെയ്യുമ്പോൾ ഒറ്റത്തവണ അടക്കേണ്ട ഫീസാണ്. യാനത്തിന്റെ വലിപ്പ കൂടുതൽ അനുസരിച്ചുള്ള ആനുപാതികമായ വർദ്ധനയാണ് വരുത്തിയിട്ടുള്ളത്. അത് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ